(ബി) ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) ഇങ്ങനെ എഫ്.ഐ.ആറിന്റെ ഒരു കോപ്പി പരാതിക്കാർക്ക് കൊടുക്കാറില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗവൺമെന്റിന്റെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു കേസ് രജിസ്റ്റർ ചെയ്താൽ ഉടൻതന്നെ എഫ്.ഐ.ആറിന്റെ ഒരു പകർപ്പ് പരാതിക്കാരന് കൊടുക്കണമെന്ന് ക്രിമിനൽ നടപടി നിയമം 154 (2) വകുപ്പു പ്രകാരം നിർബന്ധമാണ്. അങ്ങനെ കൊടുക്കാതിരിക്കുന്നത് ക്രമവിരുദ്ധമാണ്.

(ബി) ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ മേൽ പറഞ്ഞ വകുപ്പ് ഉദ്ധരിച്ച് പോലീസ് ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തിട്ടുണ്ട്.

(സി) ഈ അടുത്ത കാലത്തായി ഇങ്ങനെയുള്ള പരാതികൾ ഉണ്ടായിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽ നിന്നുള്ള പരാതികൾ

1403 [2263] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽനിന്നും കിട്ടുന്ന പരാതികൾ സർക്കിൾ ഇൻസ്പെക്ടറിൽ കുറയാത്ത ഉദ്യോഗസ്ഥൻമാരെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണെന്നു വ്യക്തമാക്കുമോ;

(സി) അതനുസരിച്ച് തന്നെയാണോ അവർ നടപടി കൈക്കൊള്ളാറുള്ളത്;

(ഡി) ഇതിനു വിപരീതമായി പ്രവർത്തിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഗവൺമെന്റ് ഉത്തരവ് പാലിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ, ബി) ഹരിജനാണെന്നതിന്റെ പേരിൽ അക്രമം നടക്കുന്നതായുള്ള ഗൗരവമേറിയ പരാതികൾ പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽ നിന്നും കിട്ടിയാൽ അത് സർക്കിൾ ഇൻസ്പെക്ടറിൽ കുറയാത്ത ഉദ്യോഗസ്ഥൻമാർ അന്വേഷിക്കേണ്ടതാണെന്ന നിർദ്ദേശം 15.6.1971 മുതൽ നിലവിലുണ്ട്.

(സി) അതെ.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

മി. സ്പീക്കർ ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly